(ബി) ഉണ്ടെങ്കിൽ അതിനിടയായ വസ്തുതകൾ എന്താണു്;

(സി) ടി സ്ഥലം തിരിയെ കിട്ടുന്നതിലേക്കു് ഏതെങ്കിലും അപേക്ഷ ബോധിപ്പിച്ചിട്ടുണ്ടോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ടു്.

(ബി) ൽ ഏക്കർ 9 സെൻറു് വിസ്തീർണ്ണമുള്ള സർവ്വെ പ്ലാൻ @ ബി നമ്പർ ഏഴു ബ്ലോക്കുകളായി തിരിച്ചു് സൗജന്യ വ്യവസ്ഥയിൽ പതിച്ചു കൊടുത്തിട്ടുള്ളതാണു്. ഇതിൽ അഞ്ചു ബ്ലോക്കുകളിൽ പെട്ട നൂ ഏക്കർ നൂറു സെൻറു സർക്കാർ കരം ഈടാക്കുന്നതിനുവേണ്ടി ലേലംചെയ്തു പോയിട്ടുണ്ടു്. മറ്റു രണ്ടു ബ്ലോക്കുകളിൽപെട്ട ൧ ഏക്കർ ൮൮ സെൻറു് സഹകരണസംഘത്തിലെ കടത്തിനായും ലേലം ചെയ്തിട്ടുണ്ടു്.

(സി) ഉടമസ്ഥന്മാരുടെ അവകാശികൾ അപ്പീൽ കൊടുത്തു, ഒടുവിൽ പറഞ്ഞ ലേലം അസ്ഥിരപ്പെടുത്തിയിട്ടുണ്ടു്. അഞ്ചു ബ്ലോക്കുകളിലെ ലേലത്തെ സംബന്ധിച്ചു് ഒരുത്തരും അപേക്ഷ ബോധിപ്പിച്ചിട്ടില്ല.

സൗജന്യ പതിവുഭൂമി

*൪൯൦. (൧൫) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) നെയ്യാറ്റിങ്കര താലൂക്കിൽ വിളപ്പിൽ പകുതിയിൽ പിന്നോക്ക സമുദായക്കാർക്കു സൗജന്യ വ്യവസ്ഥയിൽ പതിച്ചു നൽകിയിട്ടുള്ള പുഞ്ചവൽ ഭൂമികളിൽ ഏതെങ്കിലും ഭാഗങ്ങൾ കൈവശാവകാശം മൻനിറുത്തി ഇതരവ്യക്തികളിൽനിന്നും കരം ഈടാക്കിവരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു്, യഥാക്രമം ഏതെല്ലാം സർവ്വെ നമ്പരുകളിൽ;

(സി) യഥാക്രമം എത്രയെത്ര ഏക്കർ വീതം?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി & സി) ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ഷിഫ്റ്റ് സിസ്റ്റം

*൪൯൧. (൧൩) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്നചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വിദ്യാലയങ്ങളിൽ ഷിഫ്റ്റ് സിസ്റ്റം നിറുത്തൽചെയ്യാൻ ഗവൺമെണ്ടു് നിർദ്ദേശം കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു് എന്തു നിർദ്ദേശമാണു് കൊടുത്തിട്ടുള്ളതു്?

വിദ്യാഭ്യാസവും, കലയും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ടു്.

(ബി) പ്രൈമറി ക്ലാസുകളിൽ നിലവിലിരിക്കുന്ന ഷിഫ്റ്റ് സമ്പ്രദായം നിറുത്തണമെന്നാണു്.

LIBRARY ARCHIVES Kerala Legislative Assembly